Coir industry.

433. MR. P. GOPALAN (*Vaikom III—General*) : Will the Honourable Minister for Industries be pleased to state :

(*a*) whether the Government are aware that the most important coir industry in the State has considerably fallen down; and

(*b*) if the answer is in the affirmative what steps have been taken by the Government to solve the situation ?

HON'BLE MR. T. M. VARGHESE : (എ) - കയർ വ്യവസായത്തിന് മുമ്പൻ അധഃപതനം ഇല്ലെങ്കിലും അതിന് വളരെ ക്ഷീണം തട്ടിയിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന് അറിയാം.

(ബി) ഈ വ്യവസായത്തെ വർദ്ധിപ്പിക്കുന്നതിനും വ്യവസായ സംബന്ധമായ ഉൽപ്പന്നങ്ങളെ അന്യരാജ്യങ്ങളിൽ വിറ്റഴിക്കുന്നതിനു വേണ്ട സൗകര്യം ഉണ്ടാക്കുന്നതിനും ഗവണ്മെൻറ് എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കയാണ്.

MR. P. GOPALAN : ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കയർ സർവേ കൊണ്ട് ഈ വ്യവസായത്തെ ഉദ്ധരിക്കാമെന്ന് ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : അതു് സർവേയുടെ ഫലം കണ്ടതിനു ശേഷമേ നിശ്ചയിക്കാൻ നിവൃത്തിയുള്ളൂ. അതു് സംബന്ധിച്ചുള്ള റിപ്പോർട്ട് കണ്ടതിൻ ശേഷം പറയാനേ കഴിയുകയുള്ളൂ.

MR. P. GOPALAN : ഇപ്പോൾ സർവേ നടത്തിക്കൊണ്ടിരിക്കുന്നവർക്ക് വളരെ തെറ്റായ വിവരങ്ങളാണ് കിട്ടിക്കൊണ്ടിരിക്കുന്നതെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. M. VARGHESE : ഗവണ്മെൻറിന് അതു് അറിവിൽപ്പെട്ടിട്ടില്ല.

MR. P. GOPALAN : അതു് തെറ്റാണെന്നു പറഞ്ഞാൽ ഗവണ്മെൻറ് അതേപ്പറ്റി അന്വേഷിക്കുമോ ?

HON'BLE MR. T. M. VARGHESE : തെറ്റാണെന്നു് ആരെങ്കിലും പറയുമ്പോൾ അതേപ്പറ്റി അന്വേഷിക്കാം. എന്നാൽ ആരും തെറ്റാണെന്നു് പറഞ്ഞില്ല.

Punja Cultivators.

434. MR. P. GOPALAN : Will the Honourable Minister for Agriculture be pleased to state.

LIBRARY ARCHIVES Kerala Legislative Assembly